പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2244 18.12.2012 -ലെ മറുപടി

## വടക്കാഞ്ചേരി ഡിപ്പോയിലെ സർവ്വീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പഴക്കംചെന്ന ബസുകൾ മാത്രമുള്ളതിനാൽ കെ.എസ്.ആർ. ടി.സി. വടക്കാഞ്ചേരി (പാലക്കാട്) ഡിപ്പോയിലെ സർവ്വീസുകളിൽ ഏറെയും വെട്ടിച്ചുരുക്കേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വടക്കാഞ്ചേരി ഡിപ്പോയിൽ 10 വർഷം പഴക്കമുള്ള 4 ബസ്സുകളും 8 വർഷത്തിന് താഴെ പഴക്കമുള്ള 30 ബസ്സുകളുമാണുള്ളത്. ബസ്സുകളുടെ പഴക്കം മൂലം സർവ്വീസുകൾ വെട്ടിച്ചുരുക്കേണ്ടതായി വരുന്നില്ല. |
| (ബി) | എങ്കിൽ ഡിപ്പോയ്ക്ക് പുതിയ ബസുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | 31 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനാവശ്യമായ സ്പെയർ ബസ് ഉൾപ്പടെ 34 ബസ്സുകൾ ഇവിടെ അനുവദിച്ചിട്ടുണ്ട്. പുതിയ സർവ്വീസ് തുടങ്ങുകയോ, സ്ക്രാപ് ചെയ്യുന്ന മുറയ്ക്ക് ബസ്സുകൾ മാറ്റുകയോ ചെയ്യേണ്ടി വരുമ്പോൾ പുതിയ ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (സി) | വടക്കാഞ്ചേരി ഡിപ്പോയിൽ നിന്നും തരൂർ വഴി തിരുവനന്തപുരത്തേക്ക് ഒരു പുതിയ സൂപ്പർ ഫാസ്റ്റ് സർവ്വീസും അതിനായി ബസും അനുവദിക്കുമോ? | (സി) | ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ വടക്കാഞ്ചേരി ഡിപ്പോയിൽ നിന്നും തരൂർ വഴി തിരുവനന്തപുരത്തേക്ക് ഒരു പുതിയ സൂപ്പർ ഫാസ്റ്റ് സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ